കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ, ബി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആണ് ഇത് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചതെങ്കിലും പിന്നീട് ഒരു ഫ്രഞ്ച് കമ്പനിയുടെ സഹകരണത്തോടെ ഒരു സംയുക്ത സംരംഭം തുടങ്ങാൻ സർക്കാർ ആലോചിക്കുകയും പ്രസ്തുത കമ്പനിയുമായി കൂടിയാലോചനകൾ നടത്തുകയുമുണ്ടായി, കമ്പനി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചശേഷം പ്ലാന്റിന്റെ ഉൽപ്പാദനശേഷി (Capacity) പുനഃപരിശോധിക്കണമെന്ന് സർക്കാർ കമ്പനിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഫ്രഞ്ച് കമ്പനിയുടെ മറുപടി കിട്ടിയശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

നാളികേര വികസന കോർപ്പറേഷൻ സംഭരിക്കുന്ന കൊപ്ര

* 273 [413] ശ്രീ. സി. വാസുദേവമേനോൻ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര വികസനകോർപ്പറേഷൻ സംഭരിക്കുന്ന കൊപ്ര സ്വകാര്യമില്ലുകൾക്ക് നൽകി ആട്ടിക്കുകയാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ :

(ബി) കോർപ്പറേഷന്റെ കൊപ്ര ആട്ടുന്ന മില്ലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ?

(ഡി) അടച്ചിട്ടിരിക്കുന്ന കൊപ്ര ആട്ട് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ :)

(എ) താങ്ങുവില പദ്ധതിപ്രകാരം സംഭരിച്ച കൊപ്ര, വെളിച്ചെണ്ണയാക്കി പാമോയിലിന് പകരം സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സംസ്ഥാനഗവൺമെന്റ് തീരുമാനിക്കുകയും അതിനുവേണ്ടി നാളികേരവികസനകോർപ്പറേഷന്റെ മില്ലുകൾ മാത്രം മതിയാകാതെ വന്നതിനെതുടർന്ന് ഏതാനും സ്വകാര്യ മില്ലുകൾ കൂടി വാടകയ്ക്കെടുക്കാൻ സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണ് നാളികേര വികസന കോർപ്പറേഷൻ സ്വകാര്യ മില്ലുകൾകൂടി കൊപ്ര ആട്ടാൻ ഉപയോഗിച്ചിട്ടുള്ളത്.

(ബി, സി) പവർകട്ട് മൂലം നാളികേര വികസന കോർപ്പറേഷന്റെ മില്ലുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഡി) നാളികേര വികസന കോർപ്പറേഷന്റെ കൊപ്ര ആട്ടുമില്ലുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിന് അവയെ പവർ കട്ടിൽ നിന്നും ഒഴിവാക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly